KERALA FOLKLORE AKADEMI കേരള ഫോക്‌ലോർ അക്കാദമി

P.O. CHIRAKKAL, KANNUR-670 011 Tel: (0497) 2778090 പി.ഒ. ചിറക്കൽ,കണ്ണൂർ-670 011
(An Institution undertaken by Government of Kerala)
E-mail: keralafolkloreacademy@yahoo.com

സ്കൂളുകളിൽ രൂപീകരിക്കുന്ന ഫോക്‌ലോർ ക്ലബ്ബിന്റെ നിയമാവലി

കേരള ഫോക്‌ലോർ അക്കാദമി കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ ഫോക്‌ലോർ വിജ്ഞാനത്തെ പരിപോഷിപ്പിക്കുന്നതിനും ഫോക്‌ലോർ സംരക്ഷണത്തിനും വേണ്ടി സ്കൂൾതലത്തിൽ ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ ക്ലബ്ബുകൾ സ്വതന്ത്രമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ അക്കാദമി നൽകുന്നതുമാണ്. ക്ലബ്ബ് രൂപീകരണത്തിൽ പാലിക്കേണ്ട നിബന്ധനകളും അപേക്ഷാ ഫോറവും ഇതോടൊപ്പം ചേർക്കുന്നു.

നിയമാവലി

1. സ്കൂളുകളിൽ രൂപീകരിക്കപ്പെടുന്ന കൂട്ടായ്മയുടെ പേര് ഫോക്‌ലോർ ക്ലബ്ബ് എന്നായിരിക്കണം.

2. ഫോക്‌ലോർ ക്ലബ്ബിൽ കുറഞ്ഞത് 15 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.

3. ഹെഡ്മാസ്റ്റർ ചുമതലപ്പെടുത്തുന്ന ഒരദ്ധ്യാപകൻ (മലയാളം) മുഖ്യ ഉപദേശകനായിരിക്കണം. സമിതിയിൽ രണ്ടിൽ കുറയാത്ത അദ്ധ്യാപകരും ഉണ്ടായിരിക്കണം.

4. ഫോക്‌ലോർ ക്ലബ്ബ് നിർവ്വാഹകസമിതിയിൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ: സെക്രട്ടറി, ട്രഷറർ, ഹെഡ്മാസ്റ്റർ നിർദ്ദേശിക്കുന്ന ഉപദേശകൻ എന്നിവരടക്കം 11 (പതിനൊന്ന്) അംഗങ്ങൾ ഉണ്ടായിരിക്കണം.

5. പ്രവർത്തനങ്ങളുടെ മിനുട്സ് സൂക്ഷിക്കേണ്ടതും അർദ്ധവാർഷിക റിപ്പോർട്ട് ഫോക്‌ലോർ അക്കാദമി സെക്രട്ടറിയുടെ പേരിൽ അയക്കേണ്ടതുമാണ്.

6. അക്കാദമിയുടെ ഏതുവിധത്തിലുള്ള സഹായവും ഈ ക്ലബ്ബുകൾ മുഖേനയായിരിക്കും.

7. അഫിലിയേഷൻ സംഖ്യയായ 50 രൂപ ഡി.ഡി. ആയി നൽകേണ്ടതാണ്. ഡി.ഡി. സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, ചിറക്കൽ, കണ്ണൂർ എന്ന വിലാസത്തിൽ മാറാവുന്നതായിരിക്കണം.

8. ഫോക്‌ലോർ ക്ലബ്ബിന്റെ ഭാരവാഹികൾ മാറുമ്പോൾ വിവരം അക്കാദമിയെ അറിയിക്കേണ്ടതാണ്.

KERALA FOLKLORE AKADEMI
P.O.CHIRAKKAL, KANNUR-670 011



കേരള ഫോക്‌ലോർ അക്കാദമി
Tel (0497) 2778090 പി.ഒ. ചിറക്കൽ, കണ്ണൂർ-670 011
(An Institution undertaken by Government of Kerala)

''ഫോക്‌ലോർ ക്ലബ്ബ്'' രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാഫോറം

1. സ്കൂൾ/കോളേജ്/ഡിപ്പാർട്ട്മെന്റ്/ പേര് :

2. പൂർണ്ണമായ മേൽവിലാസം :

3. ക്ലബ്ബിന്റെ ലക്ഷ്യം :

4. നടപ്പുവർഷം ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ :

5. കോളേജ് പ്രിൻസിപ്പാളിന്റെ പേരും ഒപ്പും :

കേരള ഫോക്‌ലോർ അക്കാദമിയുടെ കീഴിൽ.....
ക്ലബ്ബിനെ അഫിലിയേറ്റു ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. മേൽകൊടുത്ത വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

എന്ന്

തീയതി : ഫോക്‌ലോർ ക്ലബ്ബ് സിക്രട്ടറി

സ്ഥലം : .....സ്കൂൾ/കോളേജ്

ഉപദേശക സമിതി :

നിർവ്വാഹക സമിതി :
(പേരും വിലാസവും ഒപ്പും)